# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 05, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

കൃഷി വകുപ്പുമന്ത്രി

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

ഗതാഗത വകുപ്പ് മന്ത്രി

### ഹരിത കേരളം മിഷൻ

*571. ശ്രീ.എസ്.ശർമ്മ

,, എ. പ്രദീപ്കുമാർ

,, കെ.ജെ. മാക്സി

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃത്തിയും ജലസമൃദ്ധിയും കാർഷിക സംസ്കാരവും വീണ്ടെടുക്കുന്നതിന് ആരംഭിച്ച ഹരിത കേരളം മിഷൻ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രകൃതി വിഭവ പരിപാലനത്തിനായുള്ള പദ്ധതികൾ ശാസ്ത്രീയമായ ആസൂത്രണത്തോടെ തൊഴിലുറപ്പ് അധ്വാനശക്തിയുപയോഗിച്ച് കാര്യക്ഷമമായി നടപ്പാക്കി വരുന്നുണ്ടോയെന്നറിയിക്കുമോ;

(സി) തരിശുനിലങ്ങൾ ഉൾപ്പെടെ കൃഷിയോഗ്യമാക്കികൊണ്ട് കൃഷി വ്യാപനത്തിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രചരണപരിപാടിയിലൂടെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കാൻ ആവിഷ്കരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കാമോ?

### ഉന്നത വിദ്യാഭ്യാസമേഖലയിലെ ഗവേഷണ സ്ഥാപനങ്ങൾ

*572. ശ്രീ.സി. ദിവാകരൻ

,, ആർ. രാമചന്ദ്രൻ

,, കെ. രാജൻ

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസമേഖലയിലെ ഗവേഷണ സ്ഥാപനങ്ങൾ, ഇവിടങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങൾ, ഇവ മൂലം സമൂഹത്തിനുണ്ടാകുന്ന പ്രയോജനങ്ങൾ എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) വികസന പ്രശ്നങ്ങൾക്ക് പരിഹാരം ലഭ്യമാക്കുന്ന തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുന്ന വിധത്തിൽ ഗവേഷണ സ്ഥാപനങ്ങളെ പരിവർത്തനപ്പെടുത്തുമോ;

(ഡി) ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) പ്രാദേശിക ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പങ്കാളിത്ത ഗവേഷണവും തുടർപ്രവർത്തനങ്ങളും നടത്തുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>കാർഷികമേഖലയിലെ പ്രതിസന്ധി നേരിടുവാൻ പുനർജനി പദ്ധതി</u>

*573. ശ്രീ.വി.എസ്.ശിവകുമാർ

,, എം. വിൻസെന്റ്

,, വി.പി.സജീന്ദ്രൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കാർഷികമേഖലയ്ക്ക് ഉണ്ടായ പ്രതിസന്ധി നേരിടുവാൻ പുനർജനി എന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാര തുക അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര തുക നഷ്ടപരിഹാരം നൽകിയെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) പുനർജനി പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എപ്രകാരമായിരുന്നു; ഇത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>പ്രളയാനന്തര പുന:സൃഷ്ടിക്കായി കുടുംബശ്രീ പ്രവർത്തനങ്ങൾ</u>

*574. ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.എം. സ്വരാജ്

,, പുരുഷൻ കടലുണ്ടി

പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പ്രളയം കവർന്നെടുത്ത ജീവനോപാധികൾ പുന:സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ വായ്പ ലഭ്യമാക്കി ആശ്വാസമേകിയതിന്റെ തുടർച്ചയായി കാർഷിക രംഗത്തും മൃഗപരിപാലന രംഗത്തും നിർമ്മാണ മേഖലയിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഫലപ്രദമായി ഇടപെടാൻ പദ്ധതിയുണ്ടോ;

(ബി) പ്രളയദുരന്തത്തിൽ ഉപജീവനമാർഗം നഷ്ടപ്പെട്ടവരുടെ അതിജീവനത്തിനായി നൈപുണ്യ പരിശീലനത്തിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കുടുംബശ്രീ നടത്തിയ എറൈസ് നൈപുണ്യ പരിശീലന പരിപാടി എത്ര പേർക്ക് പ്രയോജനമേകിയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കുടുംബശ്രീ പ്രവർത്തനമേഖല കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സുസ്ഥിര സംയോജിത കൃഷിരീതി വ്യാപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും മാതൃകാ കാർഷിക ഗ്രാമങ്ങൾ ഒരുക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

<u>ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം</u>

*575. ശ്രീ.എസ്.രാജേന്ദ്രൻ

,, വി. കെ. സി. മമ്മത് കോയ

,, കെ.വി.വിജയദാസ്

,, സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളുടെ വികസനത്തിനായി ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുകയെന്ന ലക്ഷ്യം നേടുന്നതിന് എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വകുപ്പിനെ ശാക്തീകരിച്ച്, മന്ദഗതിയിലായിരുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡ് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(സി) ഗ്രാമറോഡ് വികസനത്തിന് കേരള സംസ്ഥാന ഗ്രാമറോഡ് വികസന ഏജൻസി നടത്തിവരുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഗ്രാമപ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും നാഷണൽ റർബൻ മിഷൻ വഴി നടത്തിവരുന്ന പ്രവർത്തനം അറിയിക്കുമോ?

<u>അന്തർ സംസ്ഥാന ബസ് യാത്രക്കാരുടെ സുരക്ഷിതത്വം</u>

*576. ശ്രീ.റോജി എം. ജോൺ

,, ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് യാത്രക്കാരുടെ സുരക്ഷിതത്വത്തിനും സൗകര്യത്തിനും മുൻതൂക്കം നൽകുന്ന എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഈ നടപടികൾ സ്വീകരിച്ചിട്ടും സംസ്ഥാനത്ത് നിന്നും സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസുകളിൽ യാത്രക്കാർക്ക് പീഡനം ഏൽക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) യാത്രക്കാരനെ മർദ്ദിച്ചതിന്റെ പേരിൽ കല്ലട ട്രാവൽസിലെ ചില ജീവനക്കാർ അന്വേഷണം നേരിടുന്ന സാഹചര്യത്തിൽ മറ്റൊരു ജീവനക്കാരൻ ഒരു യുവതിയെ ബസിനുള്ളിൽ വച്ച് പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്നത് ഇത്തരം ക്രമവിരുദ്ധ നടപടികൾക്ക് നേരെ മുഖം നോക്കാതെ നടപടി സ്വീകരിക്കാത്തത് മൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജീവനക്കാരൻ യുവതിയെ പീഡിപ്പിക്കുവാൻ ശ്രമിച്ച സംഭവം നടന്ന ബസിന്റെ പെർമിറ്റ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എൽ.എ.പി.റ്റി. നൽകുമ്പോൾ പുതുതായി കൊണ്ടുവന്ന വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്നും ക്രിമിനൽ പശ്ചാത്തലമുള്ള ജീവനക്കാരെ ജോലിക്ക് നിയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കാർഷിക വായ്പകളുടെ മൊറട്ടോറിയത്തിന് ആർ.ബി.ഐ.അംഗീകാരം

*577. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.ഡി.സതീശൻ

,, പി.ടി. തോമസ്

,, കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ച തീരുമാനത്തിന് ആർ.ബി.ഐ.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ബി) മൊറട്ടോറിയത്തിന് ആർ.ബി.ഐ.യുടെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ബാങ്കുകൾ കർഷകർക്ക് എതിരെ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികൾ പുനരാരംഭിക്കുവാൻ സാധ്യതയില്ലേയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സാമ്പത്തിക തകർച്ച നേരിടുന്ന കർഷക സമൂഹത്തിന് ആർ.ബി.ഐ. യുടെ നിലപാട് മൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാളുകളിലെയും വ്യാപാരസ്ഥാപനങ്ങളിലെയും പാർക്കിംഗ് ഫീസ്

*578. ശ്രീ.പി.കെ.അബ്ദു റബ്ബ്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.കെ.എൻ.എ ഖാദർ

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാളുകളിലും വ്യാപാരസ്ഥാപനങ്ങളിലും മതിയായ പാർക്കിംഗ് സൗകര്യങ്ങൾ ലഭ്യമല്ലെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ഉപഭോക്താക്കളിൽനിന്നും പല സ്ഥാപനങ്ങളും പാർക്കിംഗ് ഫീസ് ഈടാക്കിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഫീസ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഓയിൽ പാം ഇന്ത്യ</u>

*579. ശ്രീ.മുല്ലക്കര രത്നാകരൻ

,, ചിറ്റയം ഗോപകുമാർ

,, മുഹമ്മദ് മുഹസിൻ പി.

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇന്ത്യയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രധാന പ്രവർത്തനമേഖലകൾ സംബന്ധിച്ചും കമ്പനിയുടെ സാമ്പത്തികനിലയെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഓയിൽ പാം ഇന്ത്യയുടെ നേതൃത്വത്തിലുള്ള നെല്ല് സംഭരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള എണ്ണപ്പന കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കമ്പനിയുടെ ഉടമസ്ഥതയിൽ തരിശായികിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>സ്വാശ്രയ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ</u>

*580. ശ്രീ.എൽദോ എബ്രഹാം

,, ഇ.കെ.വിജയൻ

,, ജി.എസ്.ജയലാൽ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജനാധിപത്യ അവകാശങ്ങളും സംഘടനാ സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ കോളേജുകളിൽ മിനിമം അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ആയത് കാര്യക്ഷമമാണോയെന്നും

പരിശോധിച്ചിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്തെ കേന്ദ്രഏജൻസികളും സർവ്വകലാശാലകളും നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരെയാണോ സ്വാശ്രയ സ്ഥാപനങ്ങളിൽ അദ്ധ്യാപകരായി നിയമിക്കുന്നതെന്ന് ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ;

(ഡി) സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിയമാനുസൃതമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യോഗ്യതയും സേവന-വേതന വ്യവസ്ഥകളും ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>അന്തർ സംസ്ഥാന ബസുകളുടെ നിയമലംഘനം</u>

*581. ശ്രീ.കെ.സി.ജോസഫ്

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസുകൾ നിയമലംഘനങ്ങൾ നടത്തുന്ന കാര്യം വ്യക്തമായിട്ടും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും വകുപ്പ് വിമുഖത കാണിച്ചിരുന്നത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) 2019 ഏപ്രിലിൽ കല്ലട ബസിലെ യാത്രക്കാരനെ മർദ്ദിച്ച സംഭവത്തിന് ശേഷമല്ലേ അന്തർ സംസ്ഥാന ബസുകൾക്കെതിരെ നിയമലംഘനത്തിന്റെ പേരിൽ കർശന നടപടി സ്വീകരിച്ച് തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) കല്ലട ബസിൽ യാത്രക്കാരനെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ബസിന്റെ പെർമിറ്റ് റദ്ദാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മറ്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ബസാണെങ്കിൽ പെർമിറ്റ് റദ്ദാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>തദ്ദേശ ഭരണ പൊതുസർവ്വീസ്</u>

*582. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.വി. ജോയി

,, സി.കൃഷ്ണൻ

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ പ്രക്രിയ ഫലവത്താകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവഹണശേഷി വർദ്ധിപ്പിക്കുന്നതിന് തദ്ദേശ ഭരണ പൊതുസർവ്വീസ് എത്രമാത്രം പ്രയോജനപ്രദമാകാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം ശാക്തീകരിക്കുന്നതിന് പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ അംഗീകാരം നേടിയെടുക്കുകയെന്ന ലക്ഷ്യത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ ഉൾപ്പെടെയുണ്ടായിരുന്ന അഴിമതി അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; സമ്പൂർണ്ണ ഇ-ഭരണം ഈ ലക്ഷ്യപ്രാപ്തിക്ക് എത്രമാത്രം അനുഗുണമാകുമെന്നറിയിക്കാമോ?

## ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് നടപടി

*583. ശ്രീ.കെ.വി.വിജയദാസ്

,, ഒ. ആർ. കേളു

,, ജോർജ് എം. തോമസ്

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാൽപ്പതോളം വിഭാഗങ്ങളിലായി ഒന്നേകാൽ ലക്ഷത്തോളം ആദിവാസി കുടുംബങ്ങളിൽ എസ്.എസ്.എൽ.സി.പാസ്സായവർ പത്തുശതമാനവും ബിരുദധാരികളായി 1.2 ശതമാനം പേരും മാത്രമേ ഉള്ളൂവെന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ആദിവാസികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും നഴ്സറി മുതൽ ബിരുദാനന്തര ബിരുദവും ഗവേഷണവും വരെ നടത്തുന്നതിനുമായി ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ട്രൈബൽ യൂണിവേഴ്സിറ്റി സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## അന്താരാഷ്ട്ര കരാറുകളും കേരകർഷകരും

*584. ശ്രീ.ജെയിംസ് മാത്യു

,, ആർ. രാജേഷ്

,, പി.ടി.എ. റഹീം

,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അന്താരാഷ്ട്ര കരാറുകളുടെ ഫലമായി വെളിച്ചെണ്ണയും പാമോയിലും അനിയന്ത്രിതമായി ഇറക്കുമതി ചെയ്യാവുന്ന സ്ഥിതി സംസ്ഥാനത്തെ കേരകർഷകർക്ക് ഉല്പാദനച്ചെലവിന് അനുസൃതമായ വില ലഭിക്കാത്ത സാഹചര്യം സൃഷ്ടിച്ചത് പരിഹരിക്കാനായി എത്തരത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ആർ.സി.ഇ.പി. പോലുള്ള പുതിയ അന്താരാഷ്ട്ര കരാറുകൾ സംസ്ഥാനത്തെ കർഷകതാല്പര്യത്തെ ഹനിക്കാത്ത വിധത്തിലായിരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) നാളികേര കർഷകരെ സംരക്ഷിക്കുന്നതിനായി തകർച്ച നേരിടുന്ന നീര വ്യവസായവും മറ്റ് മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുക്കുമോ?

<u>സമഗ്ര പച്ചക്കറി കൃഷി വികസനപദ്ധതി</u>

*585. ശ്രീ.അനൂപ് ജേക്കബ്

,, എ.പി. അനിൽ കുമാർ

,, അൻവർ സാദത്ത്

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സമഗ്ര പച്ചക്കറി കൃഷി വികസനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തൊക്കെ സഹായങ്ങളാണ് കൃഷിവകുപ്പ് നൽകുന്നത്; ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും സഹായം ലഭ്യമാണോ; വിശദമാക്കുമോ;

(ഡി) പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾ</u>

*586. ശ്രീ.കെ. ബാബു

,, റ്റി.വി.രാജേഷ്

,, ആന്റണി ജോൺ

,, ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളും സ്വയംഭരണ കോളേജുകളും വ്യാപകമായി അനുവദിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗം വരേണ്യവൽക്കരിക്കാൻ ശ്രമം നടത്തിയ മുൻ സർക്കാരിൽ നിന്ന് വ്യത്യസ്തമായി ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം സാധാരണക്കാരുടെ കുട്ടികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പരിപാടിയുടെ വിശദാംശവും അതിനായി അനുവദിച്ചിട്ടുള്ള തുകയും അറിയിക്കാമോ;

(സി) ബിരുദ പഠനം പൂർത്തിയാക്കിയിറങ്ങുന്നവരെ കാലാനുസൃതമായ അറിവും കർമ്മശേഷിയും ഉള്ളവരാക്കിത്തീർക്കുന്നതിനുള്ള പരിപാടിയുടെ വിശദാംശം നൽകാമോ;

(ഡി) താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് നൈപുണ്യശേഷി ആർജ്ജിക്കുന്നതിന് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

<u>കുടുംബശ്രീ ശാക്തീകരണത്തിന് നടപടി</u>

*587. ശ്രീ.വി.ആർ. സുനിൽ കുമാർ
,, ജി.എസ്.ജയലാൽ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പിന്തുണയുള്ള സ്ത്രീകളുടെ അയൽക്കൂട്ട സംവിധാനം എന്ന നിലയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ വനിതാശാക്തീകരണ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ പൊതുവേദിയായി കുടുംബശ്രീ പ്രവർത്തിക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കുടുംബശ്രീക്ക് നൽകുന്ന റിവോൾവിംഗ് ഫണ്ട്, സംഘ കൃഷി സബ്സിഡി, ആശ്രയ ധനസഹായം, സൂക്ഷ്മതൊഴിൽസംരംഭങ്ങൾക്കുള്ള സഹായം എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങളും ഈയിനങ്ങളിൽ കുടിശ്ശിക നൽകാനുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) കുടുംബശ്രീക്ക് നൽകുന്ന വായ്പയുടെ വിശദാംശങ്ങളും അവയുടെ പലിശ നിരക്കും പലിശ സബ്സിഡിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) കുടുംബശ്രീക്ക് നാല് ശതമാനം പലിശനിരക്കിൽ ബാങ്കുകളിൽ നിന്ന് വായ്പ ഉറപ്പാക്കുമോയെന്നും പലിശ സബ്സിഡി ബാങ്കുകൾക്ക് നേരിട്ട് നൽകുമോയെന്നും വെളിപ്പെടുത്താമോ;

(എഫ്) അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കുടുംബശ്രീയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>മണ്ണിനെക്കുറിച്ചുള്ള ഡിജിറ്റൽ വിവരശേഖരണം</u>

*588. ശ്രീ.ആർ. രാമചന്ദ്രൻ
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാറിയ കാലാവസ്ഥ, ഭൂപ്രകൃതി, പ്രളയം എന്നിവയുടെ അടിസ്ഥാനത്തിൽ മണ്ണിന് സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പഠനഫലങ്ങൾ അറിയിക്കുമോ;

(സി) മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള സംബന്ധിച്ച കൂടുതൽ

വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കർഷകരുടെ ഭൂമിയുടെ സർവ്വേ നമ്പർ തലത്തിലുള്ള ഭൂവിഭവ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ മണ്ണിനെക്കുറിച്ചുള്ള ഡിജിറ്റൽ വിവരശേഖരണം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) സോയിൽ മ്യൂസിയം അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## വാഹനാപകടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

*589. ശ്രീ.വി. അബ്ദുറഹിമാൻ

,, എൻ. വിജയൻ പിള്ള

,, ഐ.ബി. സതീഷ്

,, ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം പുതുതായി പത്ത് ലക്ഷത്തോളം വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനത്ത് ചരക്കുവാഹനങ്ങളിലും യാത്രാവാഹനങ്ങളിലും ജി.പി.എസ്. സംവിധാനം നിർബന്ധമാക്കിക്കൊണ്ട് വർദ്ധിച്ചുവരുന്ന വാഹനാപകടം കുറയ്ക്കുന്നതിനും യഥാസമയം രക്ഷാപ്രവർത്തനം സാധ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്പീഡ് ഗവർണർ നിർബന്ധമാക്കിയത് മറികടന്നുകൊണ്ട് ചരക്കുവാഹനങ്ങളും അന്തർ സംസ്ഥാന യാത്രാവാഹനങ്ങളും അമിത വേഗതയിൽ പോകുന്നത് തടയാൻ കർശന നടപടി ഉണ്ടാകുമോ;

(സി) അശ്രദ്ധവും നിയമവിരുദ്ധവുമായ രീതിയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഈ വർഷം ഇതിനകം എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; നിയമലംഘനം ആവർത്തിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) അന്തർസംസ്ഥാനവും അല്ലാത്തതുമായ കോൺട്രാക്ട് കാരിയേജുകൾ നിയമലംഘനം ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരക്കാരെ കർശനമായി നിയന്ത്രിക്കാൻ നടപടിയുണ്ടാകുമോ; ഇവയുടെ ഓൺലൈൻ ടിക്കറ്റ് വില്പന തടയാൻ ഉദ്ദേശിക്കുന്നുണ്ടോ; വാഹനങ്ങൾ പിൻവലിച്ച് സമ്മർദ്ദതന്ത്രത്തിലൂടെ സർക്കാരിനെ വരുതിയിലാക്കാൻ വാഹന ഉടമകൾ നടത്തുന്ന ശ്രമം ബദൽ സംവിധാനം ഏർപ്പെടുത്തി നേരിടാൻ വേണ്ട സത്വര നടപടിയുണ്ടാകുമോ എന്നറിയിക്കാമോ?

## പ്രളയബാധിതരായ കർഷകരെ രക്ഷിക്കുന്നതിന് നടപടി

*590. ശ്രീ.അനിൽ അക്കര

,, അൻവർ സാദത്ത്

,, ഐ.സി.ബാലകൃഷ്ണൻ

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പ്രളയം വിളകൾക്കും കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടാക്കിയ നഷ്ടം മൂലം ആകെ തകർന്ന കർഷകരെ രക്ഷിക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നടപടികൾ കർഷകരെ കാർഷിക വൃത്തിയിൽ പിടിച്ചുനിർത്തുന്നതിനും അവരുടെ പ്രതിസന്ധി ലഘൂകരിക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ കർഷകർക്ക് സഹായം നൽകിയെന്ന് പ്രഖ്യാപിക്കുമ്പോഴും വയനാട്ടിലും ഇടുക്കിയിലും കർഷകർ ആത്മഹത്യചെയ്യുന്നതും പല കർഷകരും കൃഷി തന്നെ ഉപേക്ഷിക്കുന്നതും എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന് റിസർവ്വ് ബാങ്ക് അനുമതി നിഷേധിച്ചത് കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>കാർഷിക കർമ്മസേന രൂപീകരണവും യന്ത്രവൽക്കരണവും</u>

*591. ശ്രീ.കെ.ഡി. പ്രസേനൻ

,, സി. കെ. ശശീന്ദ്രൻ

,, എം. മുകേഷ്

,, യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് യഥാസമയം ആവശ്യത്തിന് കർഷകത്തൊഴിലാളികളെ ലഭിക്കാത്തതായതിനാൽ കാർഷികമേഖലയിൽ ഉചിതമായ യന്ത്രവൽക്കരണത്തിനും കാർഷികകർമ്മസേനകൾ രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാർഷികവൃത്തിയിലേക്ക് വരാൻ ആഗ്രഹിക്കുന്ന യുവാക്കൾക്ക് താല്പര്യാനുസരണം പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; കർഷകർക്ക് പെൻഷനും മറ്റ് സാമ്പത്തികസഹായങ്ങളും ലഭ്യമാക്കി കാർഷികവൃത്തി ആകർഷകമാക്കുന്നതിന് കർഷകക്ഷേമനിധി ബോർഡ് നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) കാർഷികമേഖലയിൽ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന സംയോജിത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും മൊത്തവ്യാപാര വിപണികളും ജില്ലാ സംഭരണകേന്ദ്രങ്ങളും ശാക്തീകരിച്ച് വിപണനം ശക്തിപ്പെടുത്തുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

<u>അന്തർ സംസ്ഥാന ബസ് ഓപ്പറേറ്റർമാരുടെ നിയമലംഘനങ്ങൾ</u>

*592. ശ്രീ.അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ നിയമലംഘനങ്ങളുടെ പേരിൽ ഈ വർഷം ഇതിനകം എത്ര പേർക്കെതിരെ കേസെടുത്തുവെന്നും എന്ത് തുക ഫൈനായി ഈടാക്കിയെന്നും അറിയിക്കുമോ;

(ബി) നിയമലംഘനങ്ങളുടെ പേരിൽ ഫൈൻ ഈടാക്കിയതിനെത്തുടർന്ന് അന്തർസംസ്ഥാന സ്വകാര്യ ബസ്സ് ഓപ്പറേറ്റർമാർ യാത്രക്കാരിൽ നിന്നും കൂടുതൽ തുക ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള നിരക്ക് കൊള്ള അവസാനിപ്പിക്കുന്നതിനും ഓരോ റൂട്ടിലും ഈടാക്കാവുന്ന പരമാവധി തുക എത്രയെന്ന് മുൻകൂട്ടി നിർണ്ണയിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഗവേഷണ പ്രവർത്തനങ്ങളുടെ നിലവാരം</u>

*593. ശ്രീ.ഡി.കെ. മുരളി

,, കെ.വി.അബ്ദുൾ ഖാദർ

,, ജോർജ് എം. തോമസ്

,, പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പ്രവേശനപ്രക്രിയ പൂർത്തിയാക്കി ക്ലാസുകൾ ആരംഭിക്കാൻ വൈകുന്നതും പരീക്ഷകൾ നടത്തുന്നതിലും പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിലും ഉണ്ടായിരുന്ന കാലവിളംബം അവസാനിപ്പിക്കുന്നതിനുമായി സർവകലാശാലകൾ ഏകീകൃത അക്കാദമിക് കലണ്ടർ രൂപീകരിച്ച് തദനുസൃതം പ്രവർത്തനം ക്രമീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടത്തുന്ന ഇടപെടൽ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളിലെ ബിരുദ-ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ അന്തർവൈജ്ഞാനിക പാഠ്യവിഷയങ്ങൾ ഉൾക്കൊള്ളുന്നതിനും കാലാകാലങ്ങളിലെ വിജ്ഞാന വികാസം ഉൾക്കൊണ്ട് ജ്ഞാനോല്പാദനത്തിന് ശേഷിയുള്ള പഠിതാക്കളെ രൂപപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയെക്കുറിച്ച് അറിയിക്കാമോ;

(സി) ഗവേഷണ പ്രവർത്തനങ്ങൾ നിലവിൽ ജ്ഞാനോല്പാദനത്തിന് വേണ്ടത്ര ഫലപ്രദമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഗവേഷണപ്രവർത്തനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

<u>കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ</u>

*594. ശ്രീ.കെ.ജെ. മാക്സി

,, ജെയിംസ് മാത്യു

,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുതാര്യവും ഏകീകൃതവുമായ വാഹന പരിശോധന ലക്ഷ്യമാക്കി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പ്രസ്തുത

പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വാഹന പരിശോധനയ്ക്കും സർട്ടിഫിക്കേഷനുമായി മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ മാതൃകാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ടോ;

(ഡി) റോഡ് സുരക്ഷ ഉറപ്പാക്കുവാനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനുമായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

കെട്ടിട നിർമ്മാണത്തിനുള്ള ഓൺലൈൻ അപേക്ഷ

*595. ശ്രീ.കെ.എസ്.ശബരീനാഥൻ

,, എം. വിൻസെന്റ്

,, വി.ടി.ബൽറാം

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ ഉണ്ടായിരുന്ന സങ്കേതം സോഫ്റ്റ് വെയർ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിൽ ഉപയോഗിക്കുന്ന ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ് വെയർ ഡെവലപ് ചെയ്തത് ഏത് കമ്പനിയാണ്; അതിനായി പ്രസ്തുത കമ്പനിയ്ക്ക് എന്ത് തുക നൽകി;

(സി) സങ്കേതത്തിൽ ഇല്ലാത്ത ഏതൊക്കെ മേന്മകളാണ് പുതിയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഐ.ബി.പി.എം.എസിൽ ഓട്ടോകാഡിൽ വരച്ച ബിൽഡിംഗ് പ്ലാൻ മാത്രമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അധിക ചെലവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും നിയന്ത്രിക്കാൻ നടപടി

*596. ശ്രീ.ജോൺ ഫെർണാണ്ടസ്

,, എ. പ്രദീപ്കുമാർ

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും ഗുണ-വില നിലവാരത്തെക്കുറിച്ച് പരാതികൾ ഉയരുന്ന സാഹചര്യത്തിൽ വില ഏകീകരിക്കുന്നതിനായി നിയമ നിർമ്മാണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഒരേ അളവിലും ഗുണനിലവാരത്തിലുമുള്ള ഭക്ഷണപാനീയങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്ത വില ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്ഥിതി ഒഴിവാക്കി ഏകീകൃത മാനദണ്ഡത്തിനനുസരിച്ച്

നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ, വ്യാപ്തി, നിലവാരം, ഭക്ഷണ പാനീയങ്ങളുടെ അളവിലും ഗുണനിലവാരത്തിലുമുള്ള കൃത്യത, സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ തിരിക്കുന്നതിനും അവയെ സ്ഥിരമായി നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ</u>

*597. ശ്രീ.എൻ. വിജയൻ പിള്ള

,, കെ. ദാസൻ

,, വി. അബ്ദുറഹിമാൻ

,, വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ഗതാഗത കരാറിന്റെ ഭാഗമായി, സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. പുതിയ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്വകാര്യ വാഹനങ്ങളുടെ അമിത വേഗത കൊണ്ടുണ്ടാകുന്ന അപകടങ്ങളും അവയുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കും ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>കോളേജ് ഓഫ് ഫൈൻ ആർട്സ് കേരളയുടെ പ്രവർത്തനങ്ങൾ</u>

*598. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, പുരുഷൻ കടലുണ്ടി

,, ആർ. രാജേഷ്

,, എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ കോളേജ് ഓഫ് ഫൈൻ ആർട്സ് കേരളയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർഗ്ഗാത്മക യൗവ്വനത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ അവസരമൊരുക്കുന്നതിന് കോളേജുകളുടെയും കോഴ്സുകളുടെയും സീറ്റുകളുടെയും പരിമിതി മൂലം കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ കോളേജിലും നിലവിലുള്ള കോഴ്സുകൾ കൂടുതൽ നിലവാരത്തിലെത്തിക്കുന്നതിനും സാധ്യതയ്ക്കനുസരിച്ച് കോഴ്സുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സർഗ്ഗവാസനയുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിനും കലാകേരളത്തിന് മുതൽ കൂട്ടാനും കഴിയുന്നതരത്തിൽ കോളേജുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന കലാകേന്ദ്രങ്ങൾ,

സഹകരണ-സ്വകാര്യസ്ഥാപനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും അനുമതി നൽകുന്നതിനും ആവശ്യമായ തീരുമാനം കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

## ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ നടപടി

*599. ശ്രീ.കെ. ആൻസലൻ

,, എ. എൻ. ഷംസീർ

,, എം. രാജഗോപാലൻ

,, സജി ചെറിയാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിന്റെ സാമൂഹികവൽക്കരണ പ്രക്രിയയുടെ ഫലമായി എൻറോൾമെന്റ് നിരക്ക് ഉയർത്താനായിട്ടുണ്ടോ; സംസ്ഥാനത്തിന്റെ സാമൂഹിക- സാമ്പത്തിക വികസനത്തിന് ഉത്തേജനം നൽകുന്ന തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; അക്കാദമിക് സ്റ്റാഫ് കോളേജുകൾ ശക്തിപ്പെടുത്തി അധ്യാപക പരിശീലന പരിപാടി കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) സാങ്കേതികശാസ്ത്ര വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ ഉൽകൃഷ്ട സ്ഥാപനങ്ങൾ ആക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പോളിടെക്നിക് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

## ഗ്രാമ തൊഴിലുറപ്പ് പദ്ധതി

*600. ശ്രീ.മുരളി പെരുനെല്ലി

,, കെ. ദാസൻ

ശ്രീമതി യു. പ്രതിഭ

ശ്രീ.സി.കെ. ഹരീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇടപെടലിന്റെ ഫലമായി 9.75 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് മുൻവർഷങ്ങളെക്കാൾ മികവ് കൈവരിച്ചത് നിലനിർത്തുന്നതിന്, സംസ്ഥാനത്തിന് കാലാനുസൃതമായ കൂലി വർദ്ധന അനുവദിക്കാത്ത കേന്ദ്ര നടപടി ഗ്രാമ തൊഴിലുറപ്പ് പദ്ധതിയിൽ വിഘാതം സൃഷ്ടിക്കാനിടയുണ്ടോ;

(ബി) വ്യവസ്ഥപ്രകാരം രണ്ടാഴ്ചക്കകം നൽകേണ്ട കൂലി മാസങ്ങൾ വൈകുന്നത് തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ തുക കൃത്യസമയത്ത് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) പ്രളയത്തിൽ തകർന്ന ജീവനോപാധി വീണ്ടെടുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നഗരപ്രദേശങ്ങളിലെ പാവപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള സംസ്ഥാന സർക്കാരിന്റെ തനതു പദ്ധതിയായ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര സർക്കാരിനോട് ഈ പദ്ധതി ഏറ്റെടുക്കാൻ ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ എന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സി.ജോസ്,

തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്,

26-06-2019

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].